**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5441** **12-08-2021 - ൽ മറുപടിയ്ക്ക്**

**പേൾ സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. V. N. Vasavan (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പ് നിലവിൽ ഉപയോഗിച്ച് വരുന്ന പേൾ സോഫ്റ്റ് വെയർ പലപ്പോഴും തകരാറിലാകുന്നതുമൂലം രജിസ്ട്രേഷൻ നടപടികളിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | രജിസ്ട്രേഷൻ വകുപ്പ് നിലവിൽ പേൾ സോഫ്റ്റ് വെയർ മുഖാന്തിരം നൽകി വരുന്ന സേവനങ്ങൾ നെറ്റ് വർക്ക് തകരാറുകൾ കാരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം ഉണ്ടാകുന്ന തടസ്സങ്ങൾ ബി.എസ്.എൻ.എൽ അധികൃതരുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പേൾ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ വിരലടയാളം പതിക്കാൻ കഴിയുന്നതരത്തിലുള്ള ആധുനികരീതി ഉൾക്കൊള്ളുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. വിരൽപതിപ്പ് ഇലക്ട്രോണിക്ക് ഉപകരണത്തിന്റെ സഹായത്താൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയ ശേഷം ആധാരത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വിരൽപതിപ്പും, ഫോട്ടോയും പ്രിന്റ് ചെയ്ത് വരുന്ന രീതിയിലുള്ള പരിഷ്കാരമാണ് ഉദ്ദേശിക്കുന്നത്. |
| (സി) | രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്ന സർട്ടിഫൈഡ് ആധാരങ്ങളുടെ പകർപ്പ് ഓൺലൈൻ ആയി അപേക്ഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; | (സി) | രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്ന സർട്ടിഫൈഡ് ആധാരങ്ങളുടെ പകർപ്പ് ഓൺലൈൻ ആയി അപേക്ഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ഡി) | അസ്സൽ ആധാരങ്ങളുടെ പകർപ്പ് ഫോട്ടോസഹിതം സ്കാൻ ചെയ്ത് അപേക്ഷകർക്ക് ലഭ്യമാക്കാനുള്ള സാങ്കേതികവിദ്യ നിലവിലെ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ